**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 336** **04-10-2021 - ൽ മറുപടിയ്ക്ക്**

**ഫസ്റ്റ് ഗ്രേഡ് മുൻസിപ്പാലിറ്റികളിലെ ജീവനക്കാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഫസ്ററ് ഗ്രേഡായി ഉയർത്തിയ മുൻസിപ്പാലിറ്റികളിൽ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നകാര്യം പരിശോധിക്കുമോ; | (എ) | നഗരസഭകളിൽ നിന്നും പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ചാണ് തീരുമാനം കൈക്കൊള്ളുന്നത്. |
| (ബി) | എത്ര മുൻസിപ്പാലിറ്റികളാണ് ഫസ്ററ് ഗ്രേഡായി ഉയർത്തിയിരിക്കുന്നതെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ; | (ബി) | 22.07.2014 തീയതിയിലെ സ.ഉ (കൈ) നം.135/2014/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം 28 നഗരസഭകളെ ഫസ്ററ് ഗ്രേഡായി പുതുക്കി നിശ്ചയിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | പോസ്റ്റ് ക്രിയേഷൻ സംബന്ധിച്ച് നഗരസഭകളുടെ പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടിയെന്തെന്ന് വ്യക്തമാക്കാമോ? | (സി) | ഉണ്ട്. നഗരസഭകളിൽ നിന്നും ലഭിക്കുന്ന പ്രൊപ്പോസലുകളിൽ നഗരകാര്യ ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ആവശ്യമായ തസ്തികകൾ അനുവദിച്ചു നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം-1

371

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - സംസ്ഥാനത്തെ നഗരസഭകളുടെ ഗ്രേഡ് പുതുക്കി നിശ്ചയിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയം ഭരണ (ഇ.എം.) വകുപ്പ്

സ.ഉ.(കൈ) നം. 135/2014/തസ്വഭവ തിരുവനന്തപുരം, തീയതി, 22.07.2014.

സൂചന: 1. സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്) 78/93/എൽ.എ.ഡി. തീയതി 06.04.1993

2. നഗരകാര്യ ഡയറക്ടറുടെ 31.01.2011, 17.07.2012, 07.01.2013, 25.06.2013, 04.10.2013, 29.11.2013 എന്നീ തീയതികളിലെ എൽ-16885/10 നമ്പർ കത്തുകൾ.

## ഉത്തരവ്

പരാമർശത്തിലെ സർക്കാർ ഉത്തരവ് പ്രകാരമാണ് കേരളത്തിലെ നഗരസഭകളുടെ ഗ്രേഡ് അവസാനമായി നിശ്ചയിച്ചിട്ടുള്ളത്. 1993-ൽ ഗ്രേഡ് നിശ്ചയിച്ചതിനു ശേഷം വളരെയധികം മാറ്റങ്ങൾ സംസ്ഥാനത്തെ നഗരസഭകൾക്ക് ഉണ്ടായിട്ടുണ്ട്. നഗരസ്വഭാവം കൈവരിച്ച സമീപ പഞ്ചായത്തുകളെ കൂട്ടിച്ചേർത്ത് പല നഗരസഭകളുടേയും വിസ്തൃതി വർദ്ധിപ്പിച്ചിട്ടുണ്ട്. അതിലൂടെ ജനസംഖ്യയും വരുമാനവും വർദ്ധിച്ചെങ്കിലും കാലോചിതമായി ഗ്രേഡ് പുതുക്കി നിശ്ചയിച്ച് ആവശ്യമായ സംവിധാനങ്ങൾ ചെയ്തു കൊടുത്തിട്ടില്ല. ഇത് നഗരസഭകളുടെ പ്രവർത്തനത്തെ ഏറെ ബാധിച്ചിട്ടുണ്ട്. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പ്രവർത്തനം, പുതുതായി ഏൽപിക്കപ്പെട്ട മറ്റ് ഉത്തരവാദിത്വങ്ങൾ എന്നിവ മൂലം നഗരസഭകളുടെ ചുമതലയും ഉത്തരവാദിത്വങ്ങളും ഏറെ വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ വാർഷിക വരുമാനം 4 കോടി രൂപയും അതിന് മുകളിലും, ജനസംഖ്യ അമ്പതിനായിരത്തിൽ അധികം വരുന്നതുമായ നഗരസഭകളെ ഒന്നാം ഗ്രേഡ് ആയും, വാർഷിക വരുമാനം 2 കോടി രൂപയിൽ കൂടുതലും എന്നാൽ 4 കോടിയിൽ താഴെയും, ജനസംഖ്യ 25,000-ൽ അധികവും എന്നാൽ 50,000-ൽ താഴെയും വരുന്ന നഗരസഭകളെ രണ്ടാം ഗ്രേഡായും ഉയർത്തണമെന്ന് നഗരകാര്യ ഡയറക്ടർ പരാമർശം രണ്ട് പ്രകാരം സർക്കാരിനോട് ശുപാർശ ചെയ്തിട്ടുണ്ട്.

2. അതിവേഗം വികസിച്ചു കൊണ്ടിരിക്കുന്ന നഗരങ്ങളിൽ ആരോഗ്യ കാര്യങ്ങളിലും നഗരാസൂത്രണത്തിലും മറ്റ് സുപ്രധാന വിഷയങ്ങളിലും സജീവമായ ശ്രദ്ധ ചെലുത്തുന്നതിന് മതിയായ ഉദ്യോഗസ്ഥ സംവിധാനം ഇല്ലാത്തതിനാൽ വളരെയധികം പ്രയാസം നേരിടുന്നുണ്ടെന്നും നഗരസഭയുടെ എസ്റ്റാബ്ലിഷ്മെന്റ് ഘടനയിൽ മാറ്റം വരുത്തേണ്ടത് അനിവാര്യമാണെന്നും ആയതിനാൽ ഗ്രേഡ് ഉയർത്തി മതിയായ തസ്തികകൾ സൃഷ്ടിക്കണമെന്നും പല നഗരസഭകളും കൗൺസിൽ തീരുമാനമെടുക്കുകയും സർക്കാരിനോട് അപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്. അധികാര വികേന്ദ്രീകരണത്തിലൂടെ ലക്ഷ്യമിട്ടിരിക്കുന്ന

വികസനം പ്രാവർത്തികമാകണമെങ്കിൽ ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തി നഗരസഭകളെ ശക്തിപ്പെടുത്തേണ്ടത് അനിവാര്യമാണെന്നും നഗരകാര്യ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നഗരസഭകളുടെ ഗ്രേഡ് ഉയർത്തുന്നതു മൂലമുണ്ടാകുന്ന അധിക ബാധ്യത തനതു ഫണ്ടിൽ നിന്നും വഹിയ്ക്കണമെന്ന വ്യവസ്ഥയോടെ സംസ്ഥാനത്തെ നഗരസഭകളുടെ ഗ്രേഡ് അനുബന്ധമായി ചേർത്തിട്ടുള്ള പട്ടിക പ്രകാരം പുതുക്കി നിശ്ചയിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എ.പി.എം.മുഹമ്മദ് ഹനീഷ്
സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ.
നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ കൊല്ലം, കൊച്ചി, കോഴിക്കോട് (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
തദ്ദേശ സ്വയം ഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹുമാനപ്പെട്ട നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.ക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് (നഗരകാര്യം) സെക്രട്ടറിയുടെ പി.എ.ക്ക്

പൊതുഭരണ (എസ്.സി) വകുപ്പ് (16.07.2014-ലെ ഇനം നം. 5436 പ്രകാരം)

# അനുബന്ധം

[സ.ഉ.(സാധാ) നം.135/2014/തസ്വഭവ, തീയതി, .22.07.2014.]

| ക്രമ നം. | നഗരസഭയുടെ പേര് | പുതുക്കിയ ഗ്രേഡ് |
|---|---|---|
| 1 | ആലപ്പുഴ | ഒന്ന് |
| 2 | തിരുവല്ല | ഒന്ന് |
| 3 | ചങ്ങനാശ്ശേരി | ഒന്ന് |
| 4 | കോട്ടയം | ഒന്ന് |
| 5 | പെരുമ്പാവൂർ | ഒന്ന് |
| 6 | ആലുവ | ഒന്ന് |
| 7 | പാലക്കാട് | ഒന്ന് |
| 8 | തിരൂർ | ഒന്ന് |
| 9 | വടകര | ഒന്ന് |
| 10 | തലശ്ശേരി | ഒന്ന് |
| 11 | കണ്ണൂർ | ഒന്ന് |
| 12 | കാസർകോഡ് | ഒന്ന് |
| 13 | ഗുരുവായൂർ | ഒന്ന് |
| 14 | തൃപ്പൂണിത്തുറ | ഒന്ന് |
| 15 | തൃക്കാക്കര | ഒന്ന് |
| 16 | കളമശ്ശേരി | ഒന്ന് |
| 17 | പൊന്നാനി | ഒന്ന് |
| 18 | മലപ്പുറം | ഒന്ന് |
| 19 | മഞ്ചേരി | ഒന്ന് |
| 20 | പയന്നൂർ | ഒന്ന് |
| 21 | കാഞ്ഞങ്ങാട് | ഒന്ന് |
| 22 | തളിപ്പറമ്പ് | ഒന്ന് |
| 23 | നെയ്യാറ്റിൻകര | ഒന്ന് |
| 24 | തൊടുപുഴ | ഒന്ന് |
| 25 | ഇരിങ്ങാലക്കുട | ഒന്ന് |
| 26 | കുന്നംകുളം | ഒന്ന് |
| 27 | നെടുമങ്ങാട് | ഒന്ന് |
| 28 | പാലാ | ഒന്ന് |
| 29 | ആറ്റിങ്ങൽ | രണ്ട് |
| 30 | പുനലൂർ | രണ്ട് |
| 31 | കായംകുളം | രണ്ട് |
| 32 | പത്തനംതിട്ട | രണ്ട് |
| 33 | ചേർത്തല | രണ്ട് |

| | | |
|---|---|---|
| 34 | മൂവാറ്റുപുഴ | രണ്ട് |
| 35 | കോതമംഗലം | രണ്ട് |
| 36 | കൊടുങ്ങല്ലൂർ | രണ്ട് |
| 37 | നോർത്ത് പറവൂർ | രണ്ട് |
| 38 | അങ്കമാലി | രണ്ട് |
| 39 | ചാലക്കുടി | രണ്ട് |
| 40 | ഷൊർണ്ണൂർ | രണ്ട് |
| 41 | പെരിന്തൽമണ്ണ | രണ്ട് |
| 42 | വർക്കല | രണ്ട് |
| 43 | മരട് | രണ്ട് |
| 44 | ഏലൂർ | രണ്ട് |
| 45 | ഒറ്റപ്പാലം | രണ്ട് |
| 46 | കൽപ്പറ്റ | രണ്ട് |
| 47 | മട്ടന്നൂർ | രണ്ട് |
| 48 | കോട്ടയ്ക്കൽ | രണ്ട് |
| 49 | ചാവക്കാട് | രണ്ട് |
| 50 | കൊയിലാണ്ടി | രണ്ട് |
| 51 | മാവേലിക്കര | രണ്ട് |
| 52 | തളിപ്പറമ്പ് | രണ്ട് |
| 53 | കരുനാഗപ്പള്ളി | രണ്ട് |
| 54 | നിലമ്പൂർ | രണ്ട് |
| 55 | സൌത്ത് പറവൂർ | രണ്ട് |
| 56 | ചിറ്റൂർ - തത്തമംഗലം | രണ്ട് |
| 57 | അടൂർ | രണ്ട് |
| 58 | നീലേശ്വരം | രണ്ട് |
| 59 | ചെങ്ങന്നൂർ | മൂന്ന് |
| 60 | വൈക്കം | മൂന്ന് |